**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 445** **10-02-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |

**(എ)** വിവിധയിനങ്ങളിലായി സംസ്ഥാന സർക്കാരിന് ഈ വർഷം കേന്ദ്രസർക്കാർ നൽകേണ്ട അർഹതപ്പെട്ട വിഹിതം എത്ര വീതമാണ്; ഇതിൽ ഓരോ ഇനത്തിലും എത്ര തുക ഈ വർഷം ലഭിച്ചിട്ടുണ്ട്; ഇനി ഓരോ ഇനത്തിലും ലഭിക്കാൻ എത്ര തുക ബാക്കിയുണ്ട്; വിശദമാക്കുമോ;

**(എ)** പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിനു അനുവദിച്ചതും അതിൽ നാളിതുവരെയായി ലഭിച്ചതും ലഭിക്കാനുള്ളതും ആയ തുകയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

**(തുക കോടിയിൽ)**

| ഇനം | അവാർഡ് തുക | ലഭിച്ച തുക | ലഭിക്കാനുള്ള തുക |
|---|---|---|---|
| SDRF | 291.20 | 291.20 | 0 |
| SDMF | 72.75 | 36.40 | 36.35 |
| Local Body Grant | 2637.28 | 1334.00 | 1303.28 |

ഈ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ 8531.85 കോടി രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്നത്. ആയതിൽ, നാളിതുവരെ 2813.53 കോടി രൂപയാണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് ലഭിച്ചിട്ടുള്ളത്. 2025 ജനുവരി മാസം വരെ കേന്ദ്ര നികുതി വിഹിതമായി 20,677.93 കോടി രൂപ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിനു ലഭ്യമാകാനുള്ള തുക നേടിയെടുക്കാനായി ബന്ധപ്പെട്ട വകുപ്പുകൾ മുഖേന കേന്ദ്രസർക്കാരുമായി സംസ്ഥാന സർക്കാർ നിരന്തരം ബന്ധപ്പെട്ടു വരുന്നുണ്ട്.

**(ബി)** ഈ വർഷം ലഭിക്കേണ്ട ഏതെങ്കിലും ഇനത്തിലെ അർഹതപ്പെട്ട വിഹിതം നൽകാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; ഏതെങ്കിലും ഇനത്തിലെ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ്

**(ബി)** പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിനു അനുവദിച്ചതും അതിൽ നാളിതുവരെയായി ലഭിച്ചതും ലഭിക്കാനുള്ളതും ആയ തുകയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

**(തുക കോടിയിൽ)**

| ഇനം | അവാർഡ് തുക | ലഭിച്ച തുക | ലഭിക്കാനുള്ള തുക |
|---|---|---|---|
| SDRF | 291.20 | 291.20 | 0 |
| SDMF | 72.75 | 36.40 | 36.35 |

<table>
<tr>
<td></td>
<td>അറിയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;</td>
<td></td>
<td>
<table>
<tr><td>Local Body Grant</td><td>2637.28</td><td>1334.00</td><td>1303.28</td><td></td></tr>
</table>
ഈ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ 8531.85 കോടി രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്നത്. ആയതിൽ, നാളിതുവരെ 2813.53 കോടി രൂപയാണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് ലഭിച്ചിട്ടുള്ളത്. 2025 ജനുവരി മാസം വരെ കേന്ദ്ര നികുതി വിഹിതമായി 20,677.93 കോടി രൂപ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിനു ലഭ്യമാകാനുള്ള തുക നേടിയെടുക്കാനായി ബന്ധപ്പെട്ട വകുപ്പുകൾ മുഖേന കേന്ദ്രസർക്കാരുമായി സംസ്ഥാന സർക്കാർ നിരന്തരം ബന്ധപ്പെട്ടു വരുന്നുണ്ട്.
</td>
</tr>
<tr>
<td>(സി)</td>
<td>കേന്ദ്ര നികുതിയുടെ അൻപത് ശതമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണം എന്ന നിർദ്ദേശം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ടോ; അതിന് ഉപോൽബലകമായി എന്തെല്ലാം വാദങ്ങളാണ് നൽകിയിട്ടുള്ളത്;</td>
<td>(സി)</td>
<td>കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിച്ചു നൽകിയതിനു ശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇടയിൽ നിലനിൽക്കുന്ന വെർട്ടിക്കൽ ഫിസ്കൽ ഇംബാലൻസ് പരിഹരിക്കുന്നതിനായി ഡിവിസിബിൾ പൂളിന്റെ ഏറ്റവും കുറഞ്ഞത് 50 ശതമാനമെങ്കിലും സംസ്ഥാനങ്ങളുമായി പങ്ക് വെക്കണമെന്നുള്ള വ്യക്തമായ വാദങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള നിവേദനം പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷന് മുന്നിൽ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ട്.</td>
</tr>
<tr>
<td>(ഡി)</td>
<td>കേന്ദ്രവും സംസ്ഥാനവുമായുള്ള സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ നൽകിയ കേസിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ?</td>
<td>(ഡി)</td>
<td>സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S. 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## 2025 ഫെബ്രുവരി 10, തിങ്കൾ

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം. 445

## സംസ്ഥാനത്തിനുള്ള കേന്ദ്ര വിഹിതം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | **കെ.എൻ. ബാലഗോപാൽ**<br>**ധനകാര്യ വകുപ്പ് മന്ത്രി** |
| (എ) വിവിധയിനങ്ങളിലായി സംസ്ഥാന സർക്കാരിന് ഈ വർഷം കേന്ദ്രസർക്കാർ നൽകേണ്ട അർഹതപ്പെട്ട വിഹിതം എത്ര വീതമാണ്; ഇതിൽ ഓരോ ഇനത്തിലും എത്ര തുക ഈ വർഷം ലഭിച്ചിട്ടുണ്ട്; ഇനി ഓരോ ഇനത്തിലും ലഭിക്കാൻ എത്ര തുക ബാക്കിയുണ്ട്; വിശദമാക്കുമോ;<br><br>(ബി) ഈ വർഷം ലഭിക്കേണ്ട ഏതെങ്കിലും ഇനത്തിലെ അർഹതപ്പെട്ട വിഹിതം നൽകാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; ഏതെങ്കിലും ഇനത്തിലെ വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് അറിയിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിനു അനുവദിച്ചതും അതിൽ നാളിതുവരെയായി ലഭിച്ചതും ലഭിക്കാനുള്ളതും ആയ തുകയുടെ വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.<br>(തുക കോടിയിൽ) |

| ഇനം | അവാർഡ് തുക | ലഭിച്ച തുക | ലഭിക്കാനുള്ള തുക |
|---|---|---|---|
| SDRF | 291.20 | 291.20 | 0 |
| SDMF | 72.75 | 36.40 | 36.35 |
| Local Body Grant | 2637.28 | 1334 | 1303.28 |

ഈ സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ 8531.85 കോടി രൂപയാണ് സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്നത്. ആയതിൽ, നാളിതുവരെ 2813.53 കോടി രൂപയാണ് കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലേക്ക് ലഭിച്ചിട്ടുള്ളത്. 2025 ജനുവരി മാസം വരെ കേന്ദ്ര നികുതി വിഹിതമായി 20,677.93 കോടി രൂപ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിനു ലഭ്യമാകാനുള്ള തുക നേടിയെടുക്കാനായി ബന്ധപ്പെട്ട വകുപ്പുകൾ

| | |
|---|---|
| | മുഖേന കേന്ദ്രസർക്കാരുമായി സംസ്ഥാന സർക്കാർ നിരന്തരം ബന്ധപ്പെട്ടു വരുന്നുണ്ട്. |
| (സി) കേന്ദ്ര നികുതിയുടെ അൻപത് ശതമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കണം എന്ന നിർദ്ദേശം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ടോ; അതിന് ഉപോൽബലകമായി എന്തെല്ലാം വാദങ്ങളാണ് നൽകിയിട്ടുള്ളത്; | കേന്ദ്ര നികുതി വിഹിതം സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകിയതിനു ശേഷവും കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും ഇടയിൽ നിലനിൽക്കുന്ന വെർട്ടിക്കൽ ഫിസ്കൽ ഇംബാലൻസ് പരിഹരിക്കുന്നതിനായി ഡിവിസിബിൾ പൂളിന്റെ ഏറ്റവും കുറഞ്ഞത് 50% എങ്കിലും സംസ്ഥാനങ്ങളുമായി പങ്ക് വെക്കണമെന്നുള്ള വ്യക്തമായ വാദങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള നിവേദനം പതിനാറാം കേന്ദ്ര ധനകാര്യ കമ്മീഷന് മുന്നിൽ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) കേന്ദ്രവും സംസ്ഥാനവുമായുള്ള സാമ്പത്തിക ഇടപാടുകൾ സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ നൽകിയ കേസിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ? | സംസ്ഥാനങ്ങളുടെ സാമ്പത്തിക അധികാരങ്ങൾ ഭരണഘടന വിഭാവനം ചെയ്യുന്ന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് വിധേയമായി സംരക്ഷിക്കപ്പെടുന്നതിനും ഭരണഘടന വിഭാവനം ചെയ്യുന്ന സാമ്പത്തിക സഹായങ്ങൾ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നതിനുമായി O.S. 1/2024 State of Kerala vs Union of India പ്രകാരം സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത ഹർജി ഇപ്പോൾ ഭരണഘടന ബഞ്ചിന്റെ പരിഗണനയിലാണ്. |

**ധനകാര്യ വകുപ്പ് മന്ത്രി**